**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1347** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഇ-മൊബിലിറ്റി നയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ജോയി

ശ്രീ. കെ. പ്രേംകുമാർ

ശ്രീമതി ഒ. എസ്. അംബിക

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗവും കാർബൺ പുറന്തള്ളലും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ നടപ്പിലാക്കിയ സമഗ്രമായ ഇ-മൊബിലിറ്റി നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളത്തെ പുനരുപയോഗ ഊർജ്ജത്തിൽ അധിഷ്ഠിതവും കാർബൺ നിഷ്പക്ഷവുമായ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഹരിതഗൃഹ വാതക ഉദ് വമനത്തിൽ ഗതാഗത മേഖലയ്ക്കാണ് പ്രധാന പങ്കുള്ളത്. സംസ്ഥാനത്തെ ആകെ കാർബൺ ബഹിർഗമനത്തിന്റെ ഏകദേശം 70 ശതമാനവും ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ നിന്നാണ്. ഇതിൽ റോഡ് ഗതാഗത മേഖലയാണ് പ്രധാന പങ്ക് വഹിക്കുന്നത്. ഈ സാഹചര്യത്തിൽ ഗതാഗത മേഖലയിലെ കാർബൺ ഉദ് വമനം കുറയ്ക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കാർബൺ ഉദ് വമനം കുറയ്ക്കുന്നതിനും സുസ്ഥിര ഗതാഗത സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനം ഒരു പ്രധാന മാർഗമാണ്. ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള മാറ്റം കാർബൺ ഡൈ ഓക്സൈഡ് ($CO_2$) ബഹിർഗമനം കുറയ്ക്കുന്നതിനും വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകമാണ്. ഈ ലക്ഷ്യം മുൻ നിർത്തി സർക്കാർ ഇ.വി. നയം രൂപീകരിച്ചിട്ടുള്ളതും അതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ പ്രോത്സാഹിപ്പിച്ചുവരുന്നതുമാണ്.

1. വൈദ്യുത വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ;

2. മലിനീകരണരഹിത പൊതുഗതാഗത സംവിധാനം പ്രോത്സാഹിപ്പിക്കൽ;

3. ഹരിത ഹൈഡ്രജൻ ഉൾപ്പെടെയുള്ള ബദൽ ഹരിത ഇന്ധനങ്ങളുടെ മേഖലയിൽ ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ.

സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ ഉപയോഗത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 25.06.2026-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 3,86,975 ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇ.വി. നയത്തിന്റെ

ഭാഗമായി ഓരോ സാമ്പത്തിക വർഷം 1,000 ഇലക്ട്രിക്ക് പാസഞ്ചർ ഓട്ടോറിക്ഷകൾക്ക് 30,000 രൂപ വീതം സബ്സിഡി അനുവദിച്ചുവരുന്നു.

**(ബി)** പൊതു ഗതാഗത സംവിധാനത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് (കെ-സ്വിഫ്റ്റ് ) മുഖേന നിരത്തിലിറക്കിയ ഇലക്ട്രിക് ബസുകളുടെ പ്രവർത്തന വിജയം എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പരിസ്ഥിതി മലിനീകരണം വലിയ ചർച്ചാവിഷയമാകുന്ന നിലവിലെ സാഹചര്യത്തിൽ ഇന്ധനച്ചെലവും മലിനീകരണതോതും കുറവായതിനാൽ ഇലക്ട്രിക് ബസുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ സൗകര്യം പ്രദാനം ചെയ്യുന്നതും പൂർണ്ണമായും പരിസ്ഥിതി മലിനീകരണം ഒഴിവാക്കിയും ചെലവ് കുറഞ്ഞ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനും ഇലക്ട്രിക് ബസ്സുകൾ ഉപയോഗിക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി.യ്ക്ക് കഴിഞ്ഞിട്ടുണ്ട്.

നിലവിൽ KSRTC-സ്വിഫ്റ്റ് മുഖേന നിരത്തിലിറക്കിയ 167 ഇലക്ട്രിക് ബസുകൾ വിജയകരമായി പ്രവർത്തനം നടത്തി വരുന്നു.

**(സി)** സംസ്ഥാനത്ത് സ്വകാര്യ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ ഏർപ്പെടുത്തിയ ചാർജിംഗ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾ വിശദമാക്കാമോ;

**<u>മറുപടി:</u>** വൈദ്യുത വാഹനങ്ങളുടെ വ്യാപനത്തിന് ആവശ്യമായ ചാർജ്ജിംഗ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത നിർണായകമാണെന്ന കാര്യം പരിഗണിച്ച് കെ.എസ്.ഇ.ബി, അനെർട്ട്, കെ.എസ്.ആർ.ടി.സി. എന്നിവയുമായി സഹകരിച്ച് ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. സ്വകാര്യ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 64 ലക്ഷം രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി വിതരണം ചെയ്യുന്നത് അനെർട്ടിലൂടെയാണ്.

2. കെ.എസ്.ഇ.ബി.-യുടെ സഹകരണത്തോടെ പൊതുജനങ്ങളുടെ ഉപയോഗത്തിനായി 32 ചാർജിംഗ് സ്റ്റേഷനുകളും അനുബന്ധ ചാർജിംഗ് സൗകര്യങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 5 കോടി രൂപ കെ.എസ്.ഇ.ബി.ക്ക് അനുവദിച്ചിട്ടുണ്ട്.

3. പൊതുഗതാഗത മേഖലയിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സെൻട്രൽ, പാപ്പനംകോട്, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഹൈസ്പീഡ് ഫാസ്റ്റ് ചാർജിംഗ് സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് 200 ലക്ഷം രൂപ ധനസഹായം നൽകുകയും പദ്ധതി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.

4. സംസ്ഥാനത്തുടനീളമുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി അനെർട്ടിൽ നിന്ന് 71 ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്കെടുത്തിട്ടുണ്ട്. കൂടാതെ, അനെർട്ടിന്റെ മുഖേന മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ 315 ലക്ഷം രൂപ ചെലവിൽ 35 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

**(ഡി)** ഹരിത ഗതാഗതത്തിലേക്കുള്ള മാറ്റം സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിലും സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിലും എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഹരിത ഗതാഗതത്തിലേക്കുള്ള മാറ്റത്തിൽ ഡീസൽ ബസുകളെ അപേക്ഷിച്ച് ഇലക്ട്രിക്ക് ബസുകൾക്ക് ഇന്ധനച്ചിലവ് വളരെ കുറവാണ്. എന്നാൽ ഇലക്ട്രിക്ക് ബസുകളുടെ വില ഡീസൽ ബസുകളെക്കാൾ വളരെ കൂടുതൽ ആണ്. ആദ്യ ഘട്ടം വാങ്ങിയ ഒരു PMI 9 Mtr നോൺ എ.സി. ഇലക്ട്രിക്ക് ബസിന് 92.43 ലക്ഷം രൂപയാണ് വില. പുതുതായി വാങ്ങിയ 9 Mtr നോൺ എ.സി. Eicher BSVI ഡീസൽ ബസിന് 27.72 ലക്ഷം രൂപയാണ് വില. ഇലക്ട്രിക്ക് ബസുകൾക്ക് ഡീസൽ ബസുകളെക്കാൾ മൂന്ന് ഇരട്ടി വിലയുണ്ട്. കൂടാതെ, ഇലക്ട്രിക്കൽ ചാർജിങ് സബ്സ്റ്റേഷൻ ഏർപ്പെടുത്തുന്നതിനുള്ള ചിലവ് ഇലക്ട്രിക് ബസ്സുകളുടെ ആദ്യ രണ്ടു വർഷ വാറന്റി കാലാവധിയ്ക്കു ശേഷം ഓരോ കിലോമീറ്ററിനും വാഹന നിർമ്മാതാവിന് നൽകേണ്ട AMC ചാർജ്, എന്നിവ പരിഗണിക്കുമ്പോൾ സാമ്പത്തിക ബാധ്യത കൂടുതലാണ്. എന്നാൽ ഡീസൽ ബസുകളെ അപേക്ഷിച്ച് ഇലക്ട്രിക് ബസ്സുകൾക്ക് പ്രവർത്തന ചിലവ് കുറവാണ്.

**സെക്ഷൻ ഓഫീസർ**